49.731/2021/OS-Labour

File No.HOME-SSB3/204/2021-HOME

തൊഴിലും നൈപുണ്യവും (ഒ.എസ്) വകുപ്പ് തിരുവനന്തപുരം-1 04 OCT 2021 ഗവൺമെന്റ് സെക്രട്ടേറിയറ്റ്

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ് - കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, വികസന അതോറിറ്റികൾ, സഹകരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ എന്നിവിടങ്ങളിൽ നിയമിതരാകുന്ന ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (രഹസ്യ വിഭാഗം - ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.68/2021/ആഭ്യന്തരം തീയതി, തിരുവനന്തപുരം, 30/09/2021

പരാമർശം:-

1. 31.07.2006 ലെ സ.ഉ.(പി) നം.112/2006/ആഭ്യന്തരം നമ്പർ ഉത്തരവ്
2. 05.06.2009 ലെ സ.ഉ.(പി) നം.79/2009/ആഭ്യന്തരം നമ്പർ ഉത്തരവ്
3. 05.12.2014 ലെ സ.ഉ.(പി) നം.40/2014/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
4. 06.11.2020 ലെ സ.ഉ.(പി) നം.56/2020/ആഭ്യന്തരം നമ്പർ ഉത്തരവ്
5. സംസ്ഥാന പോലീസ് മേധാവിയുടെ 06 / 01 / 2020 ലെ ടി 1-188623 / 2019 / പി എച്ച് ക്യൂ നമ്പർ കത്ത്

ഉത്തരവ്

കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, വികസന അതോറിറ്റികൾ, സഹകരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ എന്നിവിടങ്ങളിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴിയോ ആശ്രിതനിയമനം ഉൾപ്പെടെയുള്ള മറ്റു മാർഗ്ഗങ്ങളിലൂടെയോ നിയമിതരാകുന്ന ഉദ്യോഗാർത്ഥികൾക്ക് നിലവിൽ സർക്കാർ സർവ്വീസിൽ നിഷ്കർഷിച്ചിട്ടുള്ളതുപ്രകാരമുള്ള പോലീസ് വെരിഫിക്കേഷൻ നിർബന്ധമല്ലാത്തതു കാരണം, അവരുടെ പൂർവ്വകാല ചരിത്രം വെളിവാക്കപ്പെടുന്നില്ല എന്നും ഇതുമൂലം കുറ്റവാസന ഉള്ളവരും മുൻപ് കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ളവരും ഇത്തരം സ്ഥാപനങ്ങളിലേയും സ്കൂളുകളിലും നിയമനം തരപ്പെടുത്തുകയും പിന്നീട് അത്തരക്കാരുടെ പൊതുജനസമ്പർക്കത്തിൽ ഇത്തരം കുറ്റവാസനകൾ വെളിപ്പെടുന്നു എന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ ഇത്തരം നിയമനങ്ങളിൽ പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കുന്നത് ഉചിതമായിരിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശം (5) പ്രകാരം ശിപാർശയും നൽകുകയുണ്ടായി.

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ ക്ഷേമനിധി ബോർഡുകൾ, വികസന അതോറിറ്റികൾ, സഹകരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ തുടങ്ങിയ സേവന മേഖലകളിൽ പ്രവേശിക്കുന്നവർക്ക് പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കുന്നത് ഗുണകരമായിരിക്കുമെന്ന പൊതു അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങൾ സർക്കാർ സമാഹരിക്കുകയുണ്ടായി.

കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ ചട്ടം 10(b) (iii) പ്രകാരം ഒരു ഉദ്യോഗാർത്ഥിയെ നിയമിക്കുമ്പോൾ ടിയാളുടെ സ്വഭാവ & പൂർവ്വകാല ചരിത്ര സാക്ഷ്യപത്രം (Character and Antecedent Certificate) ലഭ്യമാക്കി ഉറപ്പുവരുത്തേണ്ടതുണ്ട് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷൻ ശിപാർശ നൽകി സർക്കാർ സേവനത്തിൽ പ്രവേശിക്കുന്ന ഒരു ജീവനക്കാരന്റെ വെരിഫിക്കേഷൻ നടത്തിയ ശേഷം മാത്രമേ ടിയാന്റെ സർവീസ് റെഗുലറൈസ് ചെയ്യാൻ പാടുള്ളൂവെന്ന് കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ ചട്ടം 10(b) (iii) ലും, ഇക്കാര്യത്തിൽ പോലീസ് വെരിഫിക്കേഷൻ നടത്തണമെന്നും, ആയതിന്റെ നടപടിക്രമങ്ങളും പരാമർശം (1)ലെ സർക്കാർ ഉത്തരവിലും തുടർന്നുള്ള ഭേദഗതികളിലും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന അല്ലാതെ പബ്ലിക് സർവീസിൽ

പ്രവേശിക്കുന്ന ജീവനക്കാരുടെ പോലീസ് വെരിഫിക്കേഷൻ സംബന്ധിച്ച നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരാമർശം 3 ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും പോലീസ് വെരിഫിക്കേഷൻ ബാധകമാക്കിയിട്ടുണ്ട്.

സർക്കാർ ഈ കാര്യങ്ങളെല്ലാം വിശദമായി പരിശോധിക്കുകയും താഴെ പറയുന്നപ്രകാരം ഉത്തരവാകുകയും ചെയ്യുന്നു.

1) സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, വികസന അതോറിറ്റികൾ, സഹകരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ എന്നിവിടങ്ങളിലെ നിയമനങ്ങളിൽ പോലീസ് വെരിഫിക്കേഷൻ നടത്തേണ്ടതും, വെരിഫിക്കേഷൻ നടപടികൾ ജീവനക്കാരൻ ജോലിയിൽ പ്രവേശിച്ച് ഒരു മാസത്തിനകം പൂർത്തീകരിക്കേണ്ടതുമാണ്. ആയതിലേക്ക് പരാമർശ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പൊതുവിൽ പാലിക്കേണ്ടതാണ്.

2 ) മേൽപറഞ്ഞ പ്രകാരം പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ നിലവിലെ നിയമന നിയമങ്ങൾ/സ്റ്റാറ്റ്യൂട്ടുകൾ/ചട്ടങ്ങൾ/ബൈലാ എന്നിവയിൽ 3 (മൂന്ന്) മാസത്തിനുള്ളിൽ തന്നെ ഭേദഗതി വരുത്തേണ്ടതും, ഇത്തരത്തിൽ ഭേദഗതി വരുത്തുന്നുവെന്നത് അതാത് വകുപ്പ് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി.കെ.ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by Arun R B
Date: 30-09-2021 14:53:06
Reason: Approved

സെക്ഷൻ ഓഫീസർ

ബന്ധപ്പെട്ട എല്ലാ വകുപ്പ് മേധാവികൾക്ക് / നിയമനാധികാരികൾക്കും
സംസ്ഥാന പോലീസ് മേധാവി , തിരുവനന്തപുരം
അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ( ഇന്റ ), തിരുവനന്തപുരം
എല്ലാ പോലീസ് സൂപ്രണ്ട് / കമ്മീഷണർ മാർ
എല്ലാ ജില്ലാ കളക്ടർമാർ
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി
പൊതുഭരണ (എസ് സി )വകുപ്പ് ( 29/09/21 ലെ ഇനം 281 പ്രകാരം)
കരുതൽ / ഓഫീസ് കോപ്പി

<u>മേലെഴുത്ത് കത്ത് നമ്പർ: ബി4-1867/2021/DIMS Dated: 06.12.2021</u>

മേൽ സൂചന കത്തിന്റെ പകർപ്പ് അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു.

ഇൻഷൂറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കുവേണ്ടി

പകർപ്പ്

1). റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ
ഇൻഷൂറൻസ് മെഡിക്കൽ സർവ്വീസസ്
ദക്ഷിണ മേഖല, കൊല്ലം/
മദ്ധ്യ മേഖല, എറണാകുളം/
ഉത്തര മേഖല, കോഴിക്കോട്.

2) സീനിയർ സൂപ്രണ്ട്, എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

3) വെബ്സൈറ്റ്